# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.6/2559/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/2559/2025

തീയ്യതി: 15/12/2025

## മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 20-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അശ്റഫ് പെരുംമ്പള്ളി, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 28-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 28-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുനാസർ പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീമതി.സിന്ധു.ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.സക്കീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.നിഷ.എസ് ഓഡിറ്റർ,
ശ്രീ.അനിസ് ബാബു.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സമീറ ടീച്ചർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റീന.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.സ്മിത.പി | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീ.സതീഷ് കുമാർ.പി | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീ.വൈശാഖ്.കെ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അനില.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 01-09-2024 |
| ശ്രീമതി.ഫാത്തിമ അമാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-09-2024 | 31-03-2025 |
| ഡോ.അനിതമ്മ ചെറിയാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി.തില.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ .മുഹമ്മദ് സാദിഖ്.സി.എച്ച് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ഹജീഷ്.പി.സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ.ശിശിർ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. അഷാദ് അലി | കൃഷി ഓഫീസർ | 01-04-2024 | 01-08-2024 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 02-08-2024 | 21-10-2024 |
| ശ്രീമതി.ഗീതു.എ.എം | കൃഷി ഓഫീസർ | 22-10-2024 | 13-12-2024 |
| ശ്രീമതി.റുബീന എം | കൃഷി ഓഫീസർ | 14-12-2024 | 15-02-2025 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 16-02-2025 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | അതർ ഇയർമാർക്ക്ഡ് സ്പെഷ്യൽ ഫണ്ട്സ്- രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-11 |
| 18 | ജലജീവൻ മിഷൻ പദ്ധതി- അവലോകനം | 1-12 |
| 19 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 20 | കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു | 1-14 |
| 21 | മിച്ച ഫണ്ട് ചട്ട വിരുദ്ധമായി നിക്ഷേപിക്കുന്നു. | 1-15 |
| 22 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധികം തുക അനുവദിച്ചു | 1-16 |
| 23 | അലോപ്പതി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 1-17 |
| 24 | അഗ്രോ ഫാർമസി-ജൈവ/ രാസ കീടനാശിനികൾ വിതരണം ചെയ്തിട്ടില്ല. | 1-18 |
| 25 | വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി. | 1-19 |
| 26 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത | 1-20 |

| | | |
|---|---|---|
| 27 | ഭവനനിർമാണത്തിനായി അഡ്വാൻസ് തുക കൈപറ്റി ഭവനനിർമാണം ആരംഭിച്ചില്ല. | 1-21 |
| 28 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി | 1-22 |
| 29 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി -അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 30 | സമ്പൂർണ്ണ കായിക സാക്ഷരത-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-24 |
| 31 | തയ്യിലപ്പൊറ്റ അങ്കണവാടി കെട്ടിട നിർമ്മാണം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ് | 1-25 |
| 32 | വസ്തുനികുതി പരിഷ്കരണം - വിവരശേഖരണം - തുടർനടപടി ഇല്ല. | 1-26 |
| 33 | ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ - ബെയിലിംഗ് മെഷീൻ ഉപയോഗിക്കുന്നില്ല. | 1-27 |
| 34 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-28 |
| 35 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-29 |
| 36 | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി- ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല | 1-30 |
| 37 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു | 1-31 |
| 38 | അസി.എഞ്ചിനീയറുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്. | 1-32 |
| 39 | പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചു. ഫൈൻ ഈടാക്കിയിട്ടില്ല. | 1-33 |
| 40 | ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്- കരാറുകാരന് അധിക തുക നൽകി | 1-34 |
| 41 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 42 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത വിവരം ലഭ്യമല്ല. | 1-36 |
| 43 | വെറ്റിംഗ് അംഗീകാരം വാങ്ങാതെ മരാമത്ത് പ്രോജക്റ്റുകൾ നടപ്പിലാക്കി | 1-37 |
| 44 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല. | 1-38 |
| 45 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്- കരാറുകാരന് അധിക തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/24.10.2025) മറുപടിയായി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനെ പറ്റി ഭരണസമിതിയെ ബോധ്യപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കാമെന്ന് അറിയിച്ചു. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.07.2025 തീയതിയിലെ 14(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

സ്ഥലം : മലപ്പുറം
തീയതി : 15/12/2025

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/24.10.2025) പ്രസ്തുത അപാകത ഐ.കെ.എം -നെ അറിയിച്ച് വരും വർഷങ്ങളിൽ ആയത് പരിഹരിക്കാം എന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(12386352) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-30796323) തുല്യമല്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/24.10.2025) പ്രസ്തുത അപാകത ഐ.കെ.എം -നെ അറിയിച്ച് വരും വർഷങ്ങളിൽ ആയത് പരിഹരിക്കാം എന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-4 മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ പരാമർശിച്ച ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. Kerala Gramin Bank- (A/C No. 40156101090897)
2. ICICI KURDFC – (A/C No. 74801003274)

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/24.10.2025) ഈ രണ്ടു അക്കൗണ്ടുകളിലും ട്രാൻസാക്ഷൻ ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതിനാലാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത് . ഈ രണ്ടു അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-5 ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഫണ്ടുകളിലെ എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് + സോഴ്സ് ഡിഡക്ഷൻ | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് [(B-3 Of 2024-25) – (B-3 Of 2023-24) + I-6] | വ്യത്യാസം |
|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ | 7820222 | 7466648 [(1968636- | 353574 |

| | | | |
|---|---|---|---|
| ഗ്രാന്റ് – റ്റൈഡ് ഫണ്ട് | | 1630636)+7128648] | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺ റ്റൈഡ് ഫണ്ട് | 3421676 | 3941863 [(7970757 - 5586653)+ 1557759] | 520187 |

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/24.10.2025) അപാകത പരിഹരിച്ച് നല്കുമെന്ന മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-6 അതർ ഇയർമാർക്ക്ഡ് സ്പെഷ്യൽ ഫണ്ട്സ്- രേഖകൾ ഹാജരാക്കേണ്ടതാണ്.

2024-25 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ 311100199 എന്ന ബാധ്യത ഹെഡിൽ അതർ ഇയർമാർക്ക്ഡ് സ്പെഷ്യൽ ഫണ്ട്സ് എന്ന പേരിൽ 960000/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക 2021- 22 സാമ്പത്തിക വർഷം മുതൽ ഇതേ രീതിയിൽ അവശേഷിക്കുന്നതായി കാണുന്നു. ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./ തിയ്യതി |
|---|---|
| 3(1)/13.02.2024 | 1/ 19.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 48256912 |
| വരവ് | 116452479 |
| ആകെ | 164709391 |
| ചെലവ് | 104066127 |
| നീക്കിയിരിപ്പ് | 60643264 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22983089 | 22983089 | 19360170 | 3622919 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5775215 | 5775215 | 5775215 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15987000 | 15987000 | 13717244 | 2269756 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6284000 | 6284000 | 5684091 | 599909 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 10213821 | 10213821 | 7820222 | 2393599 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 4582058 | 4582058 | 3421676 | 1160382 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 175747868 | 196 | 97746018 | 0 | 100 | 66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2266690 | 2266690 | 2266690 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 40177000 | 40177000 | 40177000 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4197400 | 238 |

| | | |
|---|---|---|
| വിധവാപെൻഷൻ | 15792900 | 1045 |
| വാർദ്ധക്യകാലപെൻഷൻ | 37154500 | 2707 |
| വികലാംഗപെൻഷൻ | 6606200 | 427 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1306600 | 85 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2025 ന് 03.40pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35691/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

2 . വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.

3. വെറ്റിംഗ് അംഗീകാരം വാങ്ങാതെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ മുഴുവൻ ചെലവുകളും പ്രതിഫലിക്കുന്നില്ല.

4. ഗ്രാമ പഞ്ചായത്തിൽ നിന്നും നിയമാനുസൃത ലൈസൻസ് കരസ്ഥമാക്കാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

5. കെട്ടിട നിർമ്മാണ ക്രമവത്ക്കരണം- അപേക്ഷകൾ തീർപ്പാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

6.അസി. എഞ്ചിനീയറുടെ ഓഫീസിൽ ക്യാഷ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല.

7. മിച്ച ഫണ്ട് ചട്ട വിരുദ്ധമായി നിക്ഷേപിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2022 മുതൽ 08.11.2022 വരെ | 4/2022 മുതൽ 10/2022 വരെ | 08.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2019 മുതൽ 05.02.2019 വരെ | 2013-14 മുതൽ 2017-18 വരെ | 01.03.2019 |

## 1-11 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക അനുവദിക്കുന്നത്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(എൻക്വയറി നമ്പർ3/21.10.2025 ) സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

<u>2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം</u>

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | 434733 | 315000 | 749733 |
| 2023-24 | Nil | 1082000 | 443000 | 1525000 |
| 2024-25 | Nil | 452000 | 706000 | 1158000 |
| **ആകെ** | Nil | 1968733 | 1464000 | 3432733 |

<u>ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ</u>

| വർഷം | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | Nil | Nil | Nil |
| 2023-24 | Nil | 309499 | 4335 | 313834 |
| 2024-25 | Nil | 1207234 | 753665 | 1960899 |
| **ആകെ** | **Nil** | 1516733 | 758000 | 2274733 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | ബാലൻസ് |
|---|---|
| സ്കീം 1 | 0 |
| സ്കീം 3 | 515974 |
| സ്കീം 4 | 742931 |
| ആകെ | 1258905 |

നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.

| വർഷം | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|---|
| 2023-24 | 229/24 | ലാബ് ഉപകരണങ്ങൾ വാങ്ങൽ | 147742 | |
| | 230/24 | ലാബ് റീജന്റ് വാങ്ങൽ | 166092 | |
| 2024-25 | 284/25 | ലാബ് ഉപകരണങ്ങൾ വാങ്ങൽ | 69625 | |
| | 286/25 | ലാബ് റീജന്റ് വാങ്ങൽ | 51274 | |
| | 285/25 | പി.എച്ച്.സി.ആന്റ് സബ് സെന്റർ എന്നിവിടങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 1082000 | |
| | 287/25 | പി.എച്ച്.സി.ആന്റ് സബ് സെന്റർ എന്നിവ ഹെൽത്ത് വെൽനെസ്സ് സെന്റർ ആക്കുന്നതിനുള്ള സഹായം | 443000 | |
| | 311/25 | കുടുംമബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് സെന്റർ പ്രവർത്തനങ്ങൾ നടപ്പാക്കൽ | 97633 | |
| | 312/25 | പി.എച്ച്.സി.ആന്റ് സബ് സെന്റർ എന്നിവിടങ്ങളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 217367 | |
| | | ആകെ | 2274733 | |

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്റ്റുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം 31.03.2025 പലിശ ഉൽപ്പെടെ നിലവിൽ 12,58,905 രൂപ നീക്കിയിരിപ്പുണ്ട്.
ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ജലജീവൻ മിഷൻ പദ്ധതി- അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് പരിശോധനാ വിധേയമാക്കി. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. **തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ**

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് നാളിതു വരെ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തുകയോ വാട്ടർ അതോറിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം നാളിതു വരെ പിരിച്ചെടുത്തിട്ടുമില്ല.

2. **പദ്ധതിയുടെ പുരോഗതി വിവരം.**

ഗ്രാമ പഞ്ചായത്തിൽ നിലവിൽ 20 % വർക്കുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി മുഖേന കുടിവെള്ളം ലഭിക്കുന്ന രീതിയിൽ പദ്ധതി പുരോഗമിച്ചിട്ടില്ല. നിലവിൽ എത്ര ഹൗസ് കണക്ഷനുകളിൽ നൽകി എന്നതിന്റെ വിവരം ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല എന്ന മറുപടിയാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.2/21.10.2025 ) നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിൽ പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി 105400000 രൂപ കണക്കാക്കി വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികാനുമതി നൽകുകയും ഗ്രാമ പഞ്ചായത്ത് മുഖേന വർക്കുകൾ നടത്താൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട് ( വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 15.3.2024 ലെ SE/PHC/MPM/DB4/RR-512/2023-24 നമ്പർ കത്ത്) . വാട്ടർ അതോറിറ്റിയുടെ മേൽ അനുമതിയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ 102 റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഇതിൽ 18 റോഡുകളിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. 84 റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## 1-13 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് ലൈസൻസ് നൽകി വരികയാണ് ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷത്തിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | 20 | Boyzone Polymers India Pvt. Ltd |
| 2. | 23 | Emarald Plastomers Pvt. Ltd |
| 3. | 33 | M/S Purelish Ventures Pvt. Ltd |
| 4. | 35 | Sweans |
| 5. | 36 | My Card Consultancy & BPO Solutions Pvt. Ltd |
| 6. | 37 | Capio |
| 7. | 38 | Packapeer Academy Pvt. Ltd |
| 8. | 42 | Tulah |
| 9. | 43 | Msian Management Consultants LLP |
| 10. | 45 | Ceron Software Solutions Pvt. Ltd |
| 11. | 60 | New Opportunity |
| 12. | 64 | Bharath Erectors |
| 13. | 66 | Meshi Logic |
| 14. | 67 | Midnoy Webware Solutions LLP |
| 15. | 71 | Oataspot Technologies LLP |
| 16. | 72 | Cybrosys Techno Solutions Pvt. Ltd |
| 17. | 75 | Webeas Technologies Pvt. Ltd |
| 18. | 76 | CK Creatures Pvt. Ltd |
| 19. | 80 | Beeta Traders & Agencies Pvt. Ltd |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ /ലൈസൻസ് എടുക്കുന്നതിൽ നിന്ന് ഇളവു നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിട നിർമ്മാണ ക്രമവത്കരണം - അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷത്തിലെ കെട്ടിട നിർമ്മാണ ക്രമവത്കരണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ, കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി അപേക്ഷിച്ച ഫയലുകളിൽ ചിലത് തുടർനടപടി സ്വീകരിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി. അവയിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ശ്രീ.കണ്ടപ്പഞ്ചലി അഷ് റഫ് & സബീന | വാസഗൃഹം (120.23 $M^2$) | 04.04.2024-ന് ഫീസ് അടവാക്കാൻ ഉടമക്ക് കത്തു നൽകിയെങ്കിലും അതിനു ശേഷം |

| | | | |
|---|---|---|---|
| | | | തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2120/24) |
| 2. | ശ്രീമതി.സൗദ ബീവി | വാസഗൃഹം (68.73 $M^2$) | 16.04.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2184/24) |
| 3. | ശ്രീ.അബ്ദുൾ ഗഫൂർ & അതേഷ് | വാസഗൃഹം (249.21 $M^2$) | 28.05.2024 ന് അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടു . എന്നാൽ അതിനു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2256/24) |
| 4. | ശ്രീ.ഹനീഫ വി | വാണിജ്യം (18.74 $M^2$) | 23.05.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2573/24) |
| 5. | ശ്രീ.പനക്കൽ ഷിഹാബുദ്ദീൻ | വാസഗൃഹം (105.71 $M^2$) | 01.06.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2688/24) |
| 6. | ശ്രീ.മോഹനൻ ചെമ്പകശ്ശേരി | വാസഗൃഹം (157.41 $M^2$) | 12.06.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| | | | (ഫയൽ നമ്പർ-2747/24) |
| 7. | ശ്രീ. റിയാസ് പി | വാസഗൃഹം (177.19 $M^2$) | 13.06.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2765/24) |
| 8. | ശ്രീ.അഹമ്മദ് കബീർ | വാസഗൃഹം (194.63 $M^2$) | തുടർനടപടി വിവരങ്ങൾ ലഭ്യമല്ല. (ഫയൽ നമ്പർ-2834/24) |
| 9. | സുമിത്ത് ഡിജിറ്റൽ | മൊബൈൽ ടവർ | 29.06.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-2957/24) |
| 10. | ശ്രീ.നാരയണൻ | വാസഗൃഹം (128.40 $M^2$) | 19.07.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3060/24) |
| 11. | ശ്രീ.അബ്ദുൾ അസിസ് | വാണിജ്യം (15.36 $M^2$) | 06.07.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3199/24) |
| 12. | ശ്രീമതി.നൂർജഹാൻ | വാസഗൃഹം (60.20 $M^2$) | 08.07.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3452/24) |
| 13. | ശ്രീ. അബൂബക്കർ | വാസഗൃഹം (104.26 $M^2$) | 25.07.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-3838/24) |
| 14. | ശ്രീ.പ്രതീഷ് പി | വാസഗൃഹം (79.09 $M^2$) | 21.11.2024 തിയ്യതിക്കു ശേഷം |

| | | | |
|---|---|---|---|
| | | | തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-4473/24) |
| 15. | ശ്രീ.ഗോവിന്ദൻ ടി. | വാസഗൃഹം (142.93 $M^2$) | 13.11.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5043/24) |
| 16. | ശ്രീ.അബ്ദുൾ സലാം | വാസഗൃഹം (96.88 $M^2$) | 28.09.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5148/24) |
| 17. | ശ്രീമതി.ഖൈറുന്നീസ | വാസഗൃഹം (44.21 $M^2$) | 03.12.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-6125/24) |
| 18. | ശ്രീ.അബ്ദുസമദ് | വാസഗൃഹം (203.64 $M^2$) | 28.09.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-5149/24) |
| 19. | ശ്രീ.അബ്ദുൾ റഹീം & റഹ്മത്ത് | വാസഗൃഹം (92.26$M^2$) | 22.11.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-6180/24) |
| 20. | ശ്രീ.ഷാജി കൃഷ്ണ & അതേഷ് | വാണിജ്യം (134.41 $M^2$) | 28.11.2024 തിയ്യതിക്കു ശേഷം തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-6398/24) |
| 21. | ശ്രീ.അബൂബക്കർ | വാസഗൃഹം (161.38$M^2$) | 04.02.2025 തിയ്യതിക്കു ശേഷം |

| | | | |
|---|---|---|---|
| | | | തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. (ഫയൽ നമ്പർ-6522/24) |

മേൽ പറഞ്ഞ പ്രകാരമുള്ള അപേക്ഷകൾ നിരസിക്കുകയോ, ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ, കെട്ടിടങ്ങൾ പൊളിച്ച് നീക്കുകയോ അപാകത പരിഹരിച്ച് നിർമ്മാണം ക്രമവത്കരിക്കുകയോ ചെയ്യുന്നത് വരെ UA നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതായിരുന്നു. വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(20/ 25.10.2025) ക്രമ നമ്പർ 1,10,16 എന്നിവരുടെ അപേക്ഷകളുടെ ഫീസ് അടവാക്കാത്തതിനാൽ അപേക്ഷകൾ നിരസിക്കുമെന്ന അറിയിപ്പ് നൽകിയെന്നും ക്രമ നമ്പർ 1,10,16 ഒഴികെ ഉള്ളവ ഒക്ക്യുപൻസി അനുവദിക്കാവുന്ന വിധം നിർമ്മാണം പൂർത്തികരിക്കാത്തതോ, അപേക്ഷ പ്രകാരമുള്ള ഉടമസ്ഥാവകാശം തെളിയിക്കാൻ സാധിക്കാത്തവ, സമർപ്പിച്ച പ്ലാനിലെ അപാകത തുടങ്ങിയ കാരണങ്ങളാൽ അപേക്ഷകന് പുനർ സമർപ്പിക്കാനുള്ള സമയപരിധി നിശ്ചയിച്ച് അറിയിപ്പ് നൽകി ഡിസ്പോസ് ചെയ്തിട്ടുള്ളതാണെന്നും ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചവ, നിയമലംഘനങ്ങൾ ഉള്ളവ എന്നിവ ഫീൽഡ് പുനപരിശോധനയിലൂടെ കണ്ടെത്തി കെട്ടിടം പൊളിച്ച് നീക്കുകയോ അപാകത പരിഹരിച്ച് നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ U/A നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഉള്ള മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മിച്ച ഫണ്ട് ചട്ട വിരുദ്ധമായി നിക്ഷേപിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ , ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ ഏതൊരു മിച്ചഫണ്ടും കേരള ഗവ. സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലോ ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലോ അല്ലെങ്കിൽ ഓഡിറ്റ് തരം തിരിവിൽ ബി- യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ സ്ഥിര നിക്ഷേപത്തിൽ 82,65,017 രൂപ നിക്ഷേപിച്ചിരിക്കുന്നത് കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലും 79,70,395 രൂപ നിക്ഷേപിച്ചിട്ടുള്ളത് എസ്.ബി.ഐ. രാമനാട്ടുകര ശാഖയിലുമാണ്. ( വിശദ വിവരത്തിന് ഖണ്ഡിക- 4-5 കാണുക)
മിച്ചഫണ്ട് ചട്ടം നിർദ്ദേശിക്കുന്ന പ്രകാരം നിക്ഷേപിക്കേണ്ടതാണ്.

## 1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 17/25<br>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | എസ്.സി.പി: 17,05,000<br>ജില്ലാ പഞ്ചായത്ത് വിഹിതം:4,25,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം:4,25,000 |
| ആകെ ചെലവ് | 16,79,300 - എസ്.സി.പി<br>:2,80,000 - ജില്ലാ പഞ്ചായത്ത് വിഹിതം |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്റ്റ് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി28.5.2022നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.2.4 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം പ്ലസ് ടു വിനുശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000/-രൂപയ്ക്ക് മാത്രമെ ധനസഹായത്തിന്

അർഹതയുള്ളൂ. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ച് അധികം തുക അനുവദിച്ചിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കോഴ്സ്/സ്ഥാപനത്തിന്റെ പേര് | അർഹമായ സ്കോളർഷിപ്പ് തുക | അനുവദിച്ച തുക/ ബിൽനം&തീയതി | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1. | ആഷ് ലി.വി.പി | ഒന്നാം വർഷ ജനറൽ നേഴ്സിംങ്ങ് കോഴ്സ്(Diploma In Nursing &Midwifary Course),ഗവ.കോളേജ്ഓഫ് നേഴ്സിംങ്ങ് കോഴിക്കോട് | 15000 | 20000<br>BRN 24150652033301016821/ 11.12.2024):<br>2,05,000 | 5000 |
| 2. | മിൽന.കെ | ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി(DMLT) ഗവ.കോളേജ്,തൃശ്ശൂർ | 15,000 | 20000<br>24150652033301016821/ 11.12.2024):<br>2,05,000 | 5000 |
| | | | | ആകെ | 10000 |

മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് അധിക തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/23.10.2025) നല്കിയതിന് 27.10.2025 തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ആഷ്‌ലി വി.പി എന്ന വിദ്യാർത്ഥി 27.10.2025 തീയതിയിൽ R-G10040125009417നം.രശീത് പ്രകാരം തുക അടവാക്കിയതായി രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.
മിൽന.കെ എന്ന വിദ്യാർത്ഥിക്ക് അധികം നല്കിയ തുക 31.10.2025ലെ R-G100401-25009636നമ്പർ രശീത് പ്രകാരം അടവാക്കിയതിന്റെ രേഖകൾ സഹിതം ലഭ്യമാക്കിയിട്ടുണ്ട്.തുടർ വർഷങ്ങളിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-17 അലോപ്പതി മരുന്നുകൾ മുഴുവനായും ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ, (കുടുബാരോഗ്യകേന്ദ്രം) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ/ചെലവ് | ബിൽ നമ്പർ/ തിയ്യതി,തുക | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ, തുക | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|---|
| 1. 34/25, കുടുബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 10,00,000/ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>50,000(തനത് ഫണ്ട്) | BRN-24150552037200344778/ 1.7.2024-7,00,00<br>KMCL | PRF381/24.6.2024:<br>7,00,000 | 27.9.2024മുതൽ 19.9.2025വരെ 32 ഇൻവോയിസുകളിലായി ആകെ 460814/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. | 2,39,186 |

| | | | | | |
|---|---|---|---|---|---|
| 2.<br>36/25<br>ആർദ്രം മിഷൻപരിരക്ഷ -പാലിയേറ്റീവ് പദ്ധതി | 10,00,000<br>(വികസനഫണ്ട് ജനറൽ)<br>10,00,000(ബ്ലോക്ക് പഞ്ചായത്ത്)<br>ചെലവ്:<br>9,95,159വികസനഫണ്ട് ജനറൽ)<br>7,97,896(ബ്ലോക്ക് പഞ്ചായത്ത്) | 1.240151052037200370230/ 03.07.2024:<br>5,09,041/-<br>2.240151052037200372 00386874/ 05.07.2024:38,926<br>ആകെ:5,47,967 | 1.PRF 384/ 24.6.2024:<br>5,09,041<br>2.PRF 509/5.7.2024:<br>38,926 | 1.27.7.2024 മുതൽ 24.9.2025 വരെ 37 ഇൻവോയിസുകളിലായി 4,50,914 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട് | 97,053 |
| ആകെ | | | | | 3,36,239 |

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(9/24.10.2025)നല്കിയതിന് മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 അഗ്രോ ഫാർമസി-ജൈവ/ രാസ കീടനാശിനികൾ വിതരണം ചെയ്തിട്ടില്ല.

നിർവഹണം-കൃഷി ഓഫീസർ

| | |
|---|---|
| പ്രൊജക്ട് നം/പേര് | 68/25, അഗ്രോ ഫാർമസി |
| അടങ്കൽ | 30,000 (വികസനഫണ്ട്) |
| ചെലവ് | 28,746( വികസനഫണ്ട്) |
| BRN | 24151052036801489290/11-3-2025: Rs. 28,746 |

ഈ പ്രൊജക്ട് മുഖേന ജൈവ/രാസ കീടനാശിനികൾ, കാപ്സ്യൂലുകൾ, വളർച്ച ത്വരകം, സൂക്ഷ്മ മൂലകങ്ങൾ എന്നിവ വാങ്ങിയത് മുഴുവനായി വിതരണം ചെയ്തില്ല. വിശദ വിവരം താഴെ ചേർക്കുന്നു

1. Kerla Agro Industries Copn.Ltd.Tvm

ഇൻവോയിസ് നം.270/24-25 Dtd 30.01.2025 :6500/-

| ക്രമ.നം | ജൈവ/രാസ കീടനാശിനിയുടെപേര് | വാങ്ങിയ അളവ് | ആകെ വില | വിതരണം ചെയ്തത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | Magnesium Sulphate | 20.Kg | 446 | 12Kg | 8kg |
| 2 | Borax | 31.Kg | 3875 | 5kg | 26kg |
| 3 | Solubor 100gm | 20pkt | 1660 | 2 Pkt | 18 Pkt |

2. Kerala Agricultural University,Agri Research Centre,Anakkayam

ഇൻവോയിസ് നം.311/K000210/24-25 Dtd 24.01.2025 :3500/-

| ക്രമ.നം | ജൈവ/രാസ കീടനാശിനിയുടെപേര് | വാങ്ങിയ അളവ് | ആകെ വില | വിതരണം ചെയ്തത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | Ayar | 50kg | 3500 | 17kg | 33kg |

3. Kerala Agricultural University,Agri Research Centre,Anakkayam

ഇൻവോയിസ് നം.311/K000209/24-25 Dtd 24.02.2025 :10000/-

| ക്രമ.നം | ജൈവ/രാസ കീടനാശിനിയുടെപേര് | വാങ്ങിയ അളവ് | ആകെ വില | വിതരണം ചെയ്തത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | Hume Plus 100ml Bottle | 25bottle | 2625 | 3 Bottle | 23 Bottle |
| 2 | Pseudomonas Liquid 100ml Bottle | 25 | 1750 | 6 | 19 (സ്റ്റോക്ക് രജിസ്റ്ററിൽ 21എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |

4.PM Stores Agricultural Input Dealer Farook College

ഇൻവോയിസ് നം.A/4919/24-25 Dtd 14.02.25 :8746/-

| ക്രമ.നം | ജൈവ/രാസ കീടനാശിനിയുടെപേര് | വാങ്ങിയ അളവ് | ആകെ വില | വിതരണം ചെയ്തത് | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | CONPRID 25ML | 4 | 332 | 2 | 2 |
| 2 | VAYEGO 10ML | 2 | 346 | 0 | 2 |
| 3 | LARVA 10GM | 3 | 204 | 0 | 3 |
| 4 | SUMMIT 20ML | 2 | 690 | 0 | 2 |
| 5 | CRUX 5GM | 5 | 115 | 0 | 5 |
| 6 | PEGASUS 25GM | 1 | 148 | 0 | 1 |
| 7 | HEMP 2GM | 2 | 14 | 0 | 2 |
| 8 | CHOLOROPOL20 100ML | 3 | 339 | 1 | 2 |
| 9 | MANIK 20GM | 3 | 195 | 0 | 3 |
| 10 | TAFGOR 100ML | 3 | 504 | 0 | 3 |
| 11 | TILT 100ML | 3 | 594 | 0 | 3 |
| 12 | JU MASAAL 20GM | 2 | 74 | 0 | 2 |
| 13 | ORIUS 100ML | 1 | 475 | 0 | 1 |
| 14 | AMISTAR TOP 100ML | 1 | 715 | 0 | 1 |
| 15 | KOCIDE-2000 100GM | 1 | 1208 | 0 | 1 |
| 16 | FUJI ONE 100ML | 2 | 316 | 0 | 2 |
| 17 | TOPGUN 30GM | 3 | 174 | 0 | 3 |
| 18 | GRALIZ 100GM | 1 | 348 | 0 | 1 |
| 19 | RIDOMIL GOLD 100GM | 1 | 238 | 0 | 1 |
| 20 | INDOFIL 100GM | 8PKT | 640 | 0 | 8 |
| 21 | CONTAF 100ML | 5 | 625 | 3 | 2 |

മേൽ പറഞ്ഞ ജൈവ /രാസ കീടനാശിനികൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.27/27.10.2025)നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ കർഷകർക്ക് അവരുടെ പ്ലോട്ടിലെ പ്രശ്നങ്ങളുമായി കൃഷിഭവനിൽ എത്തുമ്പോൾ അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതോടൊപ്പം അവർക്ക് ആവശ്യമുള്ള വളർച്ച ത്വരകം,സൂക്ഷ്മ

മൂലകങ്ങൾ,കീടനാശിനികൾ,കുമിൾ നാശിനികൾ എന്നിവ നല്കുകയും ആയത് വിതരണം ചെയ്യുന്ന മുറയ്ക്ക് പ്രോജക്ട് പൂർത്തീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിതരണ/പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 വാങ്ങൽ നടപടികൾ പാലിക്കാതെ കാർഷിക സാമഗ്രികൾ വാങ്ങി.

നിർവഹണം-കൃഷി ഓഫീസർ

| | |
|---|---|
| പ്രൊജക്ട് നം/പേര് | 63/25 പച്ചക്കറി തൈകൾ വിതരണം- റസിഡൻസ് കുടുംബശ്രീ യൂത്ത് ക്ലബ് |
| അടങ്കൽ | 1,00,000 (വികസനഫണ്ട്) |
| ചെലവ് | 1,00,000( വികസനഫണ്ട്) |
| BRN | 24151052036801153381/08-1-2025: Rs. 1,00,000 |

ഈ പ്രൊജക്ട് വഴി, പള്ളിക്കൽ ഹരിത കാർഷിക കർമസേന എന്ന സ്ഥാപനത്തിൽ നിന്നും, വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ, വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

പള്ളിക്കൽ ഹരിത കാർഷിക കർമസേനയുടെ Invoice No. 09/27.11.2024: Rs. 100,000 പ്രകാരം

1)പച്ചമുളക്

2) വഴുതന

3) തക്കാളി

4) മത്തൻ

5) കക്കിരി എന്നിവ 8000 വീതം ആകെ 40000 തൈകകൾ 2.5രൂപ നിരക്കിൽ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ.നം | സ്ഥാപനം /എണ്ണം | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|
| 1 | യൂത്ത് ക്ലബ്-1 | 3350 |
| 2 | റസിഡന്റ്സ് അസോസിയേഷനുകൾ-8 | 3350വീതം |
| 3 | കൈരളി,ഹരിത കുടുംബശ്രീ-1 | 3350 |
| 4 | ജനമൈത്രി ഗ്രന്ഥശാല-1 | 3350 |
| | | |

| | | |
|---|---|---|
| 5 | കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ്-സൊസൈറ്റി | 3150 |
| | ആകെ | 40000 |

അപാകതകൾ

1) പള്ളിക്കൽ ഹരിത കാർഷിക കർമസേന എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമനം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നില്ല. 7-ാമത്തെ നിബന്ധനയിൽ, കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചു തൈകൾ വാങ്ങാവുന്നതാണെന്നും നിർദ്ദേശമുണ്ട്. ഇതിനു വിരുദ്ധമായിട്ടാണ് നേരിട്ട് വാങ്ങിയിരിക്കുന്നത്.

അപാകത്തിന് വിശദീകരണം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന്(നം.28/27.10.2025) ലഭ്യമാക്കിയ മറുപടിയിൽ സ.ഉ.(സാധാ)1801/2025LSGDതീയതി21.7.2025 പ്രകാരം കാർഷിക കർമ്മസേനകൾ സ്വയം ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ വാങ്ങാൻ അനുമതി നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത് .എന്നാൽ ഓഡിറ്റ് കാലയളവിൽ കാർഷിക കർമസേനയിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങാനുള്ള സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത

സെക്രട്ടറി നിർവഹണം നടത്തുന്നതിനായി 61 പ്രോജക്ടുകളാണ് 2024-25 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിർവ്വഹണം നടത്തിയിട്ടുള്ളത് 38 പ്രോജക്ടുകളാണ്.സുലേഖ ചെലവ് പത്രിക സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയാണ്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവരം പ്രതിഫലിക്കുന്നതല്ല ചെലവ് പത്രിക എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1) ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ പൊതു വിഭാഗം സാധാരണ വിഹിതം 41,45,570/-രൂപയും ചെലവഴിച്ച തുക 50,51,176/-രൂപയുമാണ്. ഇവിടെ ആകെ വകയിരുത്തിയ തുകയേക്കാൾ ചെലവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, തുക വകയിരുത്തൽ ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയതായുംവ്യക്തമാവുന്നു.
2)ചെലവ് പത്രിക പ്രകാരം എസ്.സി.പി വിഹിതം വകയിരുത്തിയിട്ടില്ല. എന്നാൽ 11,01,785/- രൂപ ചെലവഴിച്ചിട്ടുണ്ട്.
3)തയ്യിലപ്പൊറ്റ അങ്കണവാടി കെട്ടിട നിർമാമണം (338/25) വൗച്ചർ നം 22401496/28-03-25 പ്രകാരം 50000/-രൂപ ചെലവഴുിച്ചിട്ടുണ്ടെങ്കിലും ആയത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ആധികാരിക രേഖയായി പരിഗണിക്കാവുന്നതാണ് സുലേഖ ചെലവ് പത്രിക. എന്നാൽ ഓരോ Raw യിലെയും Column ത്തിലെയും തുകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഴ്സ് ഡിഡക്ഷൻ വരുന്ന ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്ന ഘടകങ്ങളാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. അർഹമായ പരിശോധന നടത്തി ഈ വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/24-25/27.10.2025) മറുപടി ലഭ്യമാക്കിയില്ല.
അടങ്കൽ രേഖപ്പെടുത്താതെ , തുക വകയിരുത്താതെ ചെലവ് രേഖപ്പെടുത്തുന്നതിലെ യുക്തി എന്താണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-21 ഭവനനിർമാണത്തിനായി അഡ്വാൻസ് തുക കൈപറ്റി ഭവനനിർമാണം ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതിയിൻ താഴെ പറയുന്ന ഗുണഭോക്താവ് ഭവനനിർമാണത്തിനായി അഡ്വാൻസ് തുക കൈപറ്റിയിട്ടുണ്ട്. വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപറ്റിയ തുക (രജിസ്റ്റർ പ്രകാരം ) | കൈപറ്റിയ തീയതി (രജിസ്റ്റർ പ്രകാരം ) |
|---|---|---|
| കദീജ പി<br>മലയിൽ<br>പുല്ലിപറമ്പ്<br>ചേലേമ്പ്ര<br>വാർഡ് 16 | 40000/- | 10.3.2025 |

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ,ഫയൽ എന്നിവ പരിശോധിച്ചതിൽ, മേൽ ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഓഡിറ്റ് തീയ്യതി വരെ ഭവന നിർമാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് ഭവന നിർമാണം ആരംഭിയ്ക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/24-25/ 27.10.2025)ഗുണഭോക്താവിന്റെ ആരോഗ്യ സ്ഥിതി മോശമായതിനാലാണ് ഭവന നിർമാണം ആരംഭിക്കാൻ കാലതാമസം വന്നിട്ടുള്ളത് എന്ന് മറുപടി നൽകി. ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-22 തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി</u>

MGNREGS എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് Rs. 640/-വരെ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNREGS ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNREGS മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.

എന്നാൽ, ഗ്രാമ പഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്തതിന്, മേൽ ഉത്തരവിന് വിരുദ്ധമായി ,യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ കൂടിയ നിരക്ക് നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. . പ്രസ്തുത കാലയളവിൽ 375/- മുതൽ 430/- രൂപവരെയാണ് ഒരു ചാക്ക് സിമന്റിന് (50 Kg) വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാത്തത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | സിമന്റ് വാങ്ങിയതിന് നൽകാവുന്ന പരമാവധി തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| | | | | | |

| | | | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | |
|---|---|---|---|---|---|---|---|
| 1 | ഇട്ടിയാട്ട് പുറായ് റോഡ് കോൺക്രീറ്റ്<br>വാർഡ്-6<br>എം ബുക്ക് നം-2005/23 -24<br>0121EATPAYREQ31072024161464/31-07-24<br>കോൺട്രാക്ടർ -മുഹമ്മദ് ഫായിസ്<br>RC/393439 | **13.74/274.8bag** | 11500/575 | 158010 | 8600/430 | 118164 | 39846 |
| 2 | യൂണിവേർസിറ്റി മലയിൽ കുഴിമ്പിൽ<br>റോഡ് കോൺക്രീറ്റ്<br>വാർഡ്-9<br>എം ബുക്ക് നം-2075/23 -24<br>0121EATPAYREQ01082024161447/01-08-24<br>RC/393443<br>കോൺട്രാക്ടർ -അബ്ദുൽ റഷീദ് | 5.14 /102.8bag | 11500/575 | 59110 | 8600/430 | 44204 | 14906 |
| 3 | ഇല്ലത്തുകണ്ടി മേലെ തട്ടാൻ കുളങ്ങറ<br>റോഡ് കോൺക്രീറ്റ്<br>വാർഡ്-7<br>എം ബുക്ക് നം-2076/23 -24<br>0121EATPAYREQ01082024161442/01-08-24<br>RC/393441<br>കോൺട്രാക്ടർ -അബ്ദുൽ റഷീദ് | 12.7/254bag | 11500/575 | 146050 | 8600/430 | 109220 | 36830 |
| 4 | ഹൈസ്കൂൾ കരുവമ്പലത്ത് റോഡ് കോൺക്രീറ്റ്<br>വാർഡ്-14 | 16.99/339.8bag | 11500/575 | 195385 | 8600/430 | 146114 | 49271 |

| | | | | | | | |
|---|---|---|---|---|---|---|---|
| | RC/393436<br>എം ബുക്ക് നം-2023/23 -24<br>0121EATPAYREQ3108202416981/01-07-24<br>കോൺട്രാക്ടർ -നൗഷാദ് അലി | | | | | | |
| 5 | കോടാലിൽ പറമ്പ് റോഡ് കോൺക്രീറ്റ്<br>വാർഡ്-8<br>RC/393954<br>എം ബുക്ക് നം-2060/23 -24<br>0121EATPAYREQ31072024161646/31-07-24<br>കോൺട്രാക്ടർ -അഷ്‌റഫ് N | 8.43/168.6bag | 11500/575 | 96945 | 8600/430 | 72498 | 24447 |
| 6 | ചാലിപ്പാടം പൊക്കടത്തയിൽ റോഡ് കോൺക്രീറ്റ്<br>വാർഡ്-15<br>RC/393438<br>എം ബുക്ക് നം-2033/23 -24<br>0121EATPAYREQ3107202416574/31-07-24<br>കോൺട്രാക്ടർ -മുഹമ്മദ് ഫായിസ് | 13.75/275bag | 11500/575 | 158125 | 8600/430 | 118250 | 39875 |
| 7 | മുതിരപ്പറമ്പ് തിരുവാശ്ശേരിപ്പറമ്പ് ഇടവഴി റോഡ് കോൺക്രീറ്റ്<br>വാർഡ്-12<br>RC/393431<br>എം ബുക്ക് നം-2026/23 -24<br>0121EATPAYREQ31072024161017/31-07-24<br>കോൺട്രാക്ടർ -ജിജീഷ് P | 11.96/239.2bag | 11500/575 | 137540 | 8600/430 | 102856 | 34684 |
| 8 | ചക്കുവളവ് പാറക്കുളത്ത് ചാലിപ്പറമ്പ്<br>റോഡ് കോൺക്രീറ്റ് | 14.31/286.2bag | 11500/575 | 164565 | 8600/430 | 123066 | 41499 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കോൺട്രാക്ടർ -അബ്ദുൽ റഷീദ്<br>വാർഡ്-3<br>RC/393434<br>എം ബുക്ക് നം-2058/23 -24<br>0121EATPAYREQ31072024161187/31-07-24 | | | | | | |
| 9 | ദൈവത്തുംകണ്ടി പാലക്കോട് റോഡ് കോൺക്രീറ്റ്<br>വാർഡ്-5<br>RC/393937<br>എം ബുക്ക് നം-2059/23 -24<br>0121EATPAYREQ31072024161309/31-07-24<br>കോൺട്രാക്ടർ -സുരേഷ് ബാബു P | 13.75/275bag | 11500/575 | 158125 | 8600/430 | 118250 | 39875 |
| 10 | പടന്നയിൽ കളത്തുംതൊടി ഫൂട്ട് പാത്ത്<br>കോൺക്രീറ്റ്<br>വാർഡ്-16<br>RC/393440<br>എം ബുക്ക് നം-2071/23 -24<br>കോൺട്രാക്ടർ -മുസ്തഫ കെ പി<br>021EATPAYREQ31072024161263/31-07-24 | 3.11/62.2bag | 11500/575 | 35765 | 8600/430 | 26746 | 9019 |
| 11 | കക്കാട് ഇടവഴി<br>കോൺക്രീറ്റ്<br>വാർഡ്-4<br>RC/393435<br>എം ബുക്ക് നം-2039/23 -24<br>കോൺട്രാക്ടർ -നൗഷാദ് അലി P<br>021EATPAYREQ31072024161245/31-07-24 | 3.71/74.2 Bag | 11500/575 | 42665 | 8600/430 | 31906 | 10759 |
| | ആകെ | 3,41,011/-രൂപ | | | | | |

കരാറുകാർക്ക് 3,41,011/-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറിക്ക് (35/28.10.2025) പ്രസ്തുത കാലയളവിൽ മാർക്കറ്റ് റേറ്റ് 600/- രൂപ ആയിരുന്നതിനാലാണ് ബാഗിന് 575/- രൂപ നിരക്കിൽ സിമന്റ് വാങ്ങിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ മാർക്കറ്റ് റേറ്റ് 600/- രൂപ ആണെന്നുള്ള മറുപടി വസ്തുതാപരമല്ലെന്ന് കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ ഭരണ സമിതിയുടെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അധികം നൽകിയ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി -അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- 443/25 |
| അടങ്കൽ | 150000/- (തനത് ഫണ്ട് ) |
| ചെലവ് | 126000/-(വൗച്ചർ നം 22401470/27-03-25) |
| നിർവ്വഹണം | സെക്രട്ടറി |

പദ്ധതിക്കായി , തങ്കം സാനിറ്ററി & ഹാർഡ്‌വെയർ എന്ന സ്ഥാപനത്തിൽ നിന്നും ഇ.നം. B2C/1046/22.03.2025 പ്രകാരം 310 രൂപ നിരക്കിൽ 400 LED LIGHT (23W SURYA) , 40 രൂപ നിരക്കിൽ 50 PENDANT HOLDER STANDARD എന്നിവ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്.
ഫയൽ പരിശോധിച്ചതിൽ വ്യക്തമായവ
1.പദ്ധതിക്കുള്ള ലൈറ്റുകൾ ലഭ്യമാക്കുന്നതിനുള്ള വിതരണക്കാരെ കണ്ടെത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ചുവടെ ചേർത്ത 7 പേർ/ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു.

| സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|
| ASIAN MARKETING | LED LIGHT 23W-157(1YEAR WARRENTY)<br>PENDANT HOLDER PVC ORDINARY-13<br>PENDANT HOLDER PVC UNBREAKABLE-16 |
| PRAVEEN KUMAR | LED LIGHT 23W-340<br>BULB HOLDER-25 |
| THANKAM SANITARY HARDWARES | LED LIGHT 23W-310<br>BULB HOLDER STANDARD -40 |
| PHOENIX LED BULB | LED LIGHT 23W-380<br>BULB HOLDER( NORMAL) -28<br>BULB HOLDER-49 |
| AK ENGINEERING COMPANY | LED LIGHT 23W(RENESOLA)-153<br>LED LIGHT 23W(CROMPTON)-153 |
| KELTRONIX | LED LIGHT 23W&HOLDER -520 |
| NISAR KK | LED LIGHT 23W -360<br>BULB HOLDER -28 |

ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ASIAN MARKETING എന്ന സ്ഥാപനത്തെ തഴഞ്ഞ് തങ്കം സാനിറ്ററി & ഹാർഡ്‌വെയർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് കാരണം വിശദമാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് പരിശോധിച്ചതിൽ ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നില്ല.അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 34/27.10.2025) മറുപടി ലഭ്യമാക്കിയില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 126000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 സമ്പൂർണ്ണ കായിക സാക്ഷരത-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണം നടത്തിയ സമ്പൂർണ്ണ കായിക സാക്ഷരത -തുടർ പ്രവർത്തനങ്ങൾ (8/25)എന്ന പദ്ധതിയിൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ 481147/-രൂപ കായിക പരിശീലകർക്കും കോർഡിനേറ്റർക്കും വേതനം നൽകുന്നതിനുമായി താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്

| അടങ്കൽ | ചെലവ് | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|
| 481347/-(വികസന ഫണ്ട് ജനറൽ) | 123,934/- | 24151052002800340022/26.06.24 |
| | 70,895/- | 24151052002800374745/06.07.24 |
| | 72,802/- | 24151052002800518182/08.08.24 |
| | 79,490/- | 24151052002800666772/12.09.24 |
| | 76,625/- | 24151052002800743668/04.10.24 |
| | 57,601/- | 24151052002800862494/05.11.24 |
| ആകെ | 481347/- | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി നടപ്പിലാക്കി.

സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ തിയതി 28.5.22,ഖണ്ഡിക7.7.3 പ്രകാരം കുട്ടികൾക്കുള്ള അത് ലറ്റിക് പരിശീലനങ്ങൾക്കായി എസ്.എസ്. കെ ,സ്പോർസ് അക്കാദമി എന്നിവയുടെ സഹകരണത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഒണറേറിയം നൽകുന്നതിന് പരമാവധി 30,000 രൂപ ചെലവഴിക്കാമെന്നും .പരിശീലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ,പരിശീലനാ ഉപകരണങ്ങൾ, എന്നിവ വാങ്ങി നൽകുന്നതിന് ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പദ്ധതികൾ ഏറ്റെടുക്കാം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിന് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

2 സർക്കാർ അനുമതി കൂടാതെ ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകി.

സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ തിയതി 28.5.22,ഖണ്ഡിക8.6പ്രകാരം സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഒണറേറിയമോ നൽകാൻ പാടില്ല എന്നും എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പിലാക്കുന്നതിന് സാങ്കേതിക വൈദ്യഗ്ദമുള്ളവരുടെസേവനം അത്യന്താപേക്ഷിതമാണെങ്കിൽ ഓണറേറിയം തുകയുടെ നിരക്ക് ഉൽപ്പെടെയുള്ളവക്ക് നൂതന പ്രോജക്കുകൾക്ക് വേണ്ടിയുള്ള ജില്ലാതലകമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങി പരമാവധി 6 മാസം ഓണറേറിയം വ്യവസ്ഥയിൽ അത്തരം ജീവനക്കാരെ നിയോഗിക്കാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൂതന പദ്ധതിയായി നടപ്പാക്കിവരുന്ന ഈ പദ്ധതിയിൽ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതൽ 4 ജിവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് നൽകുന്ന വേതന നിരക്ക്,യോഗ്യത എന്നിവ സംബന്ധിച്ച് നൂതന പ്രോജക്കുകൾക്ക് വേണ്ടിയുള്ള ജില്ലാതലകമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങിയതായികാണുന്നില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/24-25/25.10.2025) സർക്കാർ ഉത്തരവിനുവിരുദ്ധമായി അനുമതിയില്ലാതെ വേതനം നൽകുന്നതിനു ചെലവഴിച്ച 481347/-രൂപക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് അപേക്ഷ നൽകുന്നതിന് വേണ്ടി ഭരണസമിതി തീരുമാനം

എടുത്തിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 481347/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 തയ്യിലപ്പൊറ്റ അങ്കണവാടി കെട്ടിട നിർമ്മാണം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ തയ്യിലപ്പൊറ്റ അങ്കണവാടി കെട്ടിട നിർമ്മാണം (338/25) എന്ന പദ്ധതികൾക്കായി താഴെ പറയും പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | വൗച്ചർ നമ്പർ/ ബിൽ നമ്പർ | ചെലവ് തുക |
|---|---|---|
| തയ്യിലപ്പൊറ്റ അങ്കണവാടി കെട്ടിട നിർമാമണം (338/25) | 22401496/28-03-25 | 50000/- |

തുക വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24-25 /25.10.2025) തുക വിനിയോഗിച്ചിട്ടില്ല എന്നും വിനിയോഗിക്കുന്ന മുറക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്എന്ന് എക്സിറ്റ് മീറ്റിംഗിൽ മറുപടി നൽകി.യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ ചെലവ് തുക( 50000/- രൂപ) തടസ്സം ചെയ്യുന്നു.

## 1-26 വസ്തുനികുതി പരിഷ്കരണം - വിവരശേഖരണം - തുടർനടപടി ഇല്ല.

നിർവ്വഹണം -സെക്രട്ടറി
പ്രോജക്ട് :114/25 വസ്തു നികുതി വിവരശേഖരണം -വേതനം നൽകൽ

അടങ്കൽ : 500000/-(തനത് ഫണ്ട്)

ചെലവ് : 46140/-(വൗച്ചർ നം 22400356/ 05.08.2024)

മേൽ പ്രോജക്ട് പ്രകാരം 46140/- രൂപ വസ്തുനികുതി സംബന്ധിച്ച് കെട്ടിടങ്ങളുടെ വിവര ശേഖരണവുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട്. ശേഖരിച്ച വിവരം, സ്വീകരിച്ച തുടർ നടപടികൾ എന്നിവയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്. ശേഖരിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുകയും ആയത് പ്രകാരം വസ്തു നികുതി പരിഷ്കരിച്ച് പുതിയ ഡിമാന്റ് തയ്യാറാക്കി നൽകുകയും പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/24-25/27.10.2025) മറുപടി ലഭ്യമാക്കിയില്ല.ആകെ എത്ര കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട് എന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും ആയത് മുഴുവൻ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ നടത്തി ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പുതിയ ഡിമാന്റ് തയ്യാറാക്കി പുതുക്കിയ നിരക്കിൽ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 46140/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ - ബെയിലിംഗ് മെഷീൻ ഉപയോഗിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹരിത കർമ്മസേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ എന്ന പദ്ധതിയിൽ ലെനോവിസ് ,കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ്മെഷീൻ വാങ്ങി എം.സി.എഫി ൽ സ്ഥാപിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ തുക | ഇൻവോയ്സ് നമ്പർ | വിനിയോഗിച്ച തുക | വൗച്ചർനം/ തീയ്യതി |
|---|---|---|---|---|
| ഹരിത കർമ്മസേനക്ക് ബേലിങ്ങ് മെഷീൻ വാങ്ങൽ (178/25) | 500000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 2024-25/LZ/46/8-03-25 | 338000/- | XVFC/2024-25/P/148/27.03.2025 |
| | | ആകെ | 338000/- | |

25.10.2025 ന് നേരിട്ട് പരിശോധിച്ചതിൽ ബെയിലിംഗ് മെഷീൻ വാങ്ങി എം.സി.എഫി ൽ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും നിലവിൽ മെഷീൻ ഉപയോഗിക്കുന്നില്ല എന്നും പ്രോജക്ട് പൂർണ അർഥത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട് എന്നും കാണുന്നു. മെഷീൻ ഉപയോഗിക്കുന്നതിന് ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ കെയർടെയ്ക്കറെ നിയമിച്ച് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## **1-28 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ 2024-25 തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | Boy Zone Polymers India Pvt. Ltd. |
| 2 | Malabar Gold & Diamonds Ltd. |
| 3 | Emerald Plastomers Pvt. Ltd. |
| 4 | Malabar Packages Pvt. Ltd. |
| 5 | Data Spot Technology |
| 6 | Easy Pack Packaging Solutions |
| 7 | Quality Assay& Hall Marketing Centre |
| 8 | PC Petroleum, Kakkanchery |
| 9 | Sudarsana Traders, Kakkanchery |
| 10 | My Card Consultancy & BPO Solutions |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/2024-25/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **1-29 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | Cybrosys Techno Solutions |
| 2 | Haiwa Enterprises |
| 3 | CAPIO |
| 4 | KLEARPET Industries |
| 5 | Babin Technologies Pvt. Ltd. |
| 6 | CK Creations Pvt. Ltd. |
| 7 | Chelembra Co Operative Urban Society |

കൂടാതെ വില്ലേജ് ഓഫീസ്, ചേലേമ്പ്രയിലെ ജീവനക്കാർ ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി അടവാക്കിയതായും കാണുന്നില്ല.
മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/2024-25/25.10.2025) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-30 ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി- ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല</u>

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| പ്രൊജക്ട് നമ്പർ | 152/25 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്റ്റർ |
| അടങ്കൽ തുക | 3,00,000/- (പൊതു വിഭാഗം സാധാരണ വിഹിതം )<br>1,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | 4,00,000/- (ആകെ) |
| ചെലവ് തുക | 2,82,618/- (പൊതു വിഭാഗം സാധാരണ വിഹിതം )<br>26,163/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | 3,08,781/- (ആകെ) |
| ബിൽ നമ്പർ, തിയ്യതി& തുക | 24151052043701467207 – 07/03/2025 - 145419 |
| | 24151052043701467205 – 07/03/2025 - 137199 |
| | 24151052043701623594 – 21/03/2025 - 26163 |

മേൽ പരാമർശിച്ച പദ്ധതി പ്രകാരം കണ്ടായിപ്പാടം ക്ഷീര സഹകരണ സംഘത്തിലെ 37 ഗുണഭോക്താക്കൾക്ക് സബസിഡിയായി ലിറ്ററിന് മൂന്നു രൂപ നിരക്കിൽ സബ്സിഡിയായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക നൽകിയ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച

വിവരം പരിശോധിക്കുന്നതിനായി ഗുണഭോക്താക്കളുടെ അപേക്ഷ, ബാങ്ക് പാസ്ബുക്ക് കോപ്പി എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2024-25/25.10.2025) മറുപടി ലഭ്യമാക്കിയില്ല. തൻമൂലം ധനസഹായം ക്രഡിറ്റ് ചെയ്ത് നൽകിയ അക്കൗണ്ടിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന മേൽ പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-31 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഭവൻസ് വിദ്യാമന്ദിർ' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് 2024-25 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/2024-25/25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 അസി.എഞ്ചിനീയറുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക്TR7A മാതൃകയിലുള്ളതല്ലെന്ന് വ്യക്തമായി. മാത്രമല്ല എല്ലാ പണമിടപാടുകളും ക്യാഷ്ബുക്കിലൂടെ Rout Out ചെയ്യുന്നില്ലെന്നും വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസി.എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ (അക്കൗണ്ട് നം. 799011400003871) വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ പ്രസ്തുത അക്കൗണ്ടിൽ വരുന്ന വരവ് ചെലവുകൾ ഏതിനത്തിലുള്ള വരവുകളും ചെലവുകളുമാണെന്നതിൽ വ്യക്തതയില്ല. ട്രഷറി അക്കൗണ്ടിൽ 26.3.2025 ന് 23245 രൂപ ബാലൻസുണ്ട്. ഈ തുക മുൻ വർഷത്തിലും ബാലൻസുണ്ടായിരുന്നു. ആയത് എപ്രകാരം ബാലന്സ് വന്നതാണെന്ന് വ്യക്തമല്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ കാരണമില്ല. അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർമാർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

2. അസി.എഞ്ചിനീയറുടെ പേരിൽ കൊണ്ടോട്ടി എസ്.ബി.ഐ.ലുള്ള 67242774095 നമ്പർ അക്കൗണ്ടിലെ വരവ് ചെലവ് വിവരങ്ങളും ക്യാഷ് ബുക്കിൽ എൻട്രി വരുന്നില്ല. പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ സെറ്റിൽമെന്റ് വഴി വരവ് വന്നിട്ടുള്ള തുക ക്യാഷ്ബുക്കിൽ വരവിലെടുത്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ 31.3.2025 ന് 2,52,587 രൂപ ബാലൻസുണ്ട്.

3. ക്യാഷ് ബുക്ക് ദൈനം ദിന/പ്രതിമാസ/ വാർഷിക ക്ലോസിംഗ് നടത്തുകയോ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-26/2024-25/27.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദിഷ്ട രീതിയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ എൻട്രി വരുത്തി അക്കൗണ്ട് ചെയ്യപ്പെടേണ്ടതുമാണ്.

## 1-33 പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചു. ഫൈൻ ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ്എഞ്ചിനീയർ.

കേരള PWD മാന്വൽ, സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

പൊതു മരാമത്ത് (എച്ച്) വകുപ്പിന്റെ 02-4-2024 ലെ ജി.ഒ. (എം.എസ്) നം.21/2024 പ്രകാരം പ്രവൃത്തി വൈകുന്ന ഓരോ ആഴ്ചക്കും Agreed PAC യുടെ 0.1% വീതം പിഴ ഈടാക്കേണ്ടതാണ് (പരമാവധി 10 %) എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുമായുള്ള കരാർ പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ പ്രകാരം പിഴ കണക്കാക്കാനാവില്ല. ആയതിനാൽ കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള രീതിയിൽ ഫൈൻ ഈടാക്കേണ്ടതാണ്.

എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരമുള്ള നിബന്ധനകളൊന്നും പാലിക്കുകയോ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി വിശദാംശങ്ങൾ | ഈടാക്കേണ്ട പിഴ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ഫാർമസി കോളേജ് ഹൈസ്ക്കൂൾ പുല്ലിപ്പറമ്പ് റോഡ് റീടാറിംഗ് (64/24, 243/25)<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>1 0 ലക്ഷം /939904/ എംജി. റോഡ്<br>സാങ്കേതികാനുമതി - 88210/2023-24/6.1.2024 തുക-10 ലക്ഷം<br>കരാറുകാരൻ- ശ്രീ. ഹഫ്സൽ .ഇ.കെ.<br>കരാർ - 25/2023-24/3.2.2024<br>PAC- 847405<br>പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 11.2.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി – 10.8.2024<br>പൂർത്തീകരിച്ച തീയ്യതി – 14.2.2025<br>ബിൽ റഫറൻസ് നം. 24151052036601388287/28.2.2025 | 11.8.2024മുതൽ 10.11.2024 വരെ @1% =8474<br>11.11.2024 മുതൽ 10.2.2025 വരെ @2%= 16948<br>11.2.2025 മുതൽ 14.2.2025 വരെ @2%<br>16948x 4/90= 753<br>ആകെ – 26175 |
| 2 | പുല്ലിക്കടവ് പാണ്ടിപ്പാടം പാറയിൽ റോഡ് (90/24, 247/25<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>495000/482661/ സി.എഫ്.സി.<br>സാങ്കേതികാനുമതി - 101176/2023-24/1.2.2024<br>കരാറുകാരൻ- ശ്രീ. അബ്ദുൽ മുഹ്സിൻ .ഇ.കെ.<br>കരാർ - 38/15.3.2024<br>PAC- 419243<br>പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 24.3.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി – 23.9.2024<br>പൂർത്തീകരിച്ച തീയ്യതി – 13.2.2025 | 24.9.2024 മുതൽ 23.12.2024 വരെ @1% =4192<br>24.12.2024 മുതൽ 13.2.2025 വരെ @2%<br>8384x 52/90= 4844<br>ആകെ 9036 |

| | | |
|---|---|---|
| | വൗച്ചർ നം. XVFC/2024-25/P/99/18.2.2025, 428290/-<br>XVFC/2024-25/P/101/21.2.2025, 37170/- | |
| 3 | എൻഎച്ച് എടണ്ടപ്പാടം റോഡ് റീടാറിംഗ് (58/24, 250/25<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>700000/753968/ എം.ജി.റോഡ്<br>ടി.എസ്- 699000/-<br>സാങ്കേതികാനുമതി - 99114/2023-24/29.1.2024<br>കരാറുകാരൻ- ശ്രീ. സുരേഷ് ബാബു. പി.<br>കരാർ - 1/2024-25/24.6.2024<br>PAC- 647935<br>പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 24.6.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി – 23.12. 2024<br>പൂർത്തീകരിച്ച തീയ്യതി – 11.3.2025<br>ബിൽ റഫറൻസ് നം. 24151052036601534766/14.3. 2025 | 24.12.2024 മുതൽ 11.3.2025 വരെ @1%<br>6479x78/90 = 5615 |
| 4 | എൻ.എച്ച്. മാലാപ്പറമ്പ് റോഡ് റീടാറിംഗ് (237/25)<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>300000/294569/ എം.ജി.റോഡ്<br>സാങ്കേതികാനുമതി - 28256/2023-24/16.8.2023, 3 ലക്ഷം<br>കരാറുകാരൻ- ശ്രീ. ഹഫ്സൽ .ഇ.കെ,<br>കരാർ - 19/2023-24/11.1.2024<br>PAC- 253675<br>പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 21.1.2024 | 21.7.2024 മുതൽ 20.10.2024 വരെ @1% =2537<br>21.10.2024 മുതൽ 20.1.2025 വരെ @2% =5074<br>21.1.2025മുതൽ<br>12.3.2025 വരെ @2%<br>5074x 51/90= 2875<br>**ആകെ 10486** |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കേണ്ട തീയ്യതി – 20.7.2024<br>പൂർത്തീകരിച്ച തീയ്യതി – 12.3.2025<br>ബിൽ റഫറൻസ് നം. 24151052036601572138/18.3. 2025 | | |
| 5 | സ്പിന്നിംഗ് മിൽ അത്താണി റോഡ് കൾവർട്ട് (218/25)<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>490000/377408/ എം.ജി.റോഡ്<br>സാങ്കേതികാനുമതി - 46455/2023-24/30.9.2023<br>കരാറുകാരൻ- ചാലിയാർ കൺസ്ട്രക്ഷൻസ് പ്രൈ.ലി.<br>കരാർ - 9/2023-24/6.12.2023<br>PAC- 371181<br>പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 15.12.2023<br>പൂർത്തീകരിക്കേണ്ട തീയ്യതി – 14.6.2024<br>പൂർത്തീകരിച്ച തീയ്യതി – 14.2.2025<br>ബിൽ റഫറൻസ് നം. 24151052036601572155/20.3. 2025 | 15.6.2024 മുതൽ 14.9.2024 വരെ @1% =3712<br>15.9.2024 മുതൽ 14.12.2024 വരെ @2% =7424<br>15.12.2024 മുതൽ 14.2.2025 വരെ @2% 7424x 62/90= 5114<br>**ആകെ 16250** | |
| 6 | പുല്ലിപ്പറമ്പ് സബ്സെന്ററിൽ ടോയ്‌ലറ്റ് (226/25)<br>അടങ്കൽ/ ചെലവ്/ ഫണ്ട്-<br>400000/344129/ കേന്ദ്രാവിഷ്കൃത ഫണ്ട്<br>സാങ്കേതികാനുമതി - 83866/2023-24/29.12.2023<br>കരാറുകാരൻ- ശ്രീ. മുഹമ്മദ് ഫാഹിസ്. എം.<br>കരാർ - 33/2023-24/13.3.2024<br>PAC- 338227 | 23.9.2024 മുതൽ 22.12.2024 വരെ @1% =3382<br>23.12.2024 മുതൽ 7.3.2025 വരെ @2% 6764x 75/90= 5637<br>**ആകെ 9019** | |

| | | |
|---|---|---|
| | പൂർത്തീകരണ കാലയളവ് - 6 മാസം (AS Per TS Slip)<br>സൈറ്റ് കൈമാറിയ തീയതി : 23.3.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി – 22.9.2024<br>പൂർത്തീകരിച്ച തീയ്യതി –7.3.2025<br>**വൗച്ചർ നം. 22401357/17.3.2025** | |
| | **ആകെ** | **76581** |

ഫൈൻ ഈടാക്കാതിരുന്നതിന് കാരണം വിശദമാക്കാനും അല്ലാത്തപക്ഷം മേൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 8/204-25/23.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫൈൻ ഇനത്തിൽ മേൽ പ്രകാരം 76581 രൂപ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്- കരാറുകാരന് അധിക തുക നൽകി

ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ GI Pipe Post ൽ ഫിക്സ് ചെയ്ത Rettro Reflective Sheeting ലുള്ള Name Board സ്ഥാപിച്ചതായി അളവെടുത്ത് Observed Data (154478/2024-25) പ്രകാരം 9012.37 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മറ്റ് പ്രവർത്തികളിലെല്ലാം OD 96914/2024-25 പ്രകാരം 2724.12 രൂപ വില വരുന്ന Granite Name Board ആണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേരും നമ്പരും | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|
| ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ-102/25<br>അടങ്കൽ- 2 ലക്ഷം<br>ഫണ്ട്- തനത് ഫണ്ട്<br>TS- 16793/2024-25/8.10.2024<br>കരാറുകാരൻ- ശ്രീ. ഇ.കെ.അബ്ദുൽ മുഹ്സിൻ,<br>എഗ്രിമെന്റ് നമ്പർ-19/11.12.2024<br>അളവെടുത്ത തീയതി – 06.03.2025<br>ചെക്ക് മെഷർ ചെയ്ത തീയതി – 07.03.2025 | 160303 | 22401344/14.3.2025, 160303/- |

25.10.2025 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത പ്രവൃത്തിയുടെ സൈറ്റിൽ മറ്റ് പ്രവൃത്തികളിലെല്ലാം സ്ഥാപിച്ചിട്ടുള്ള ഗ്രാനൈറ്റ് നെയിംബോർഡ് തന്നെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. Data

ചേർത്തതിൽ വന്നിട്ടുള്ള അപാകതയാണെന്നും അധിക തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരമറിയിക്കുമെന്നും ഓവർസിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. കരാറുകാരന് അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|
| 2724.12 | 9012.37 | 6288.25 + 18% GST = 7420 |

അധികം നൽകിയ 7420 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക പ്രവൃത്തിയുടെ അളവെടുത്ത അസി.എഞ്ചിനീയറുടെയും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/2024-25/23.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-35 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് അവസാനിച്ചിട്ടും ഫൈനൽ ബിൽ നല്കിയതായോ പ്രവൃത്തി അവസാനമായി അളവെടുത്തതായോ വിവരം ലഭ്യമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേരും നമ്പരും | പാർട്ട് ബിൽ നൽകിയ തുക | ബിൽ റഫറൻസ് നം. | റിമാർക്സ് |
|---|---|---|---|
| കൊളക്കാട്ടുചാലി ചക്കുളങ്ങര റോഡ് റീടാറിംഗ്<br>പ്രോജക്ട് നമ്പർ-70/24<br>അടങ്കൽ- 7 ലക്ഷം<br>ഫണ്ട്- എം.ജി.റോഡ്<br>TS- 98443/2023-24/26.1.2024<br>കരാറുകാരൻ- ശ്രീ. ജിജീഷ്. പി.<br>എഗ്രിമെന്റ് നമ്പർ-2/25.6.2024<br>പൂർത്തീകരണ കാലയളവ്-6 മാസം | 168598 | 241510520366 01472766/<br>10.3.2025 | പ്രവൃത്തി അവസാനമായി അളവെടുത്തത് 21.2.2025 നാണ്. പൂർത്തീകരണ കാലയളവ് അവസാനിച്ചതാണ്. |
| അങ്കണവാടി നവീകരണ പ്രവർത്തനങ്ങൾ<br>പ്രോജക്ട് നമ്പർ-235<br>/24<br>അടങ്കൽ- 3.3 ലക്ഷം<br>ഫണ്ട്- എം.ജി. നോൺ റോഡ്<br>TS- 84428/2023-24/30.12.2023<br>കരാറുകാരൻ- ശ്രീ. നൗഷാദലി. പി. | 144010 | 241510520366 01694534/<br>25.3.2025 | പ്രവൃത്തി അവസാനമായി അളവെടുത്തത് 19.2.2025 നാണ്. പൂർത്തീകരണ കാലയളവ് അവസാനിച്ചതാണ്. |

| | | | |
|---|---|---|---|
| എഗ്രിമെന്റ് നമ്പർ-28/13.2.2024<br>പൂർത്തീകരണ കാലയളവ്-6 മാസം<br>സൈറ്റ് കൈമാറിയത്- 23.2.2024 | | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 14/24.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-36 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത വിവരം ലഭ്യമല്ല.

ഇ- ടെണ്ടറിന്റെ ഭാഗമായുള്ള ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.ലുള്ള അക്കൗണ്ടിലാണ് (അക്കൗണ്ട് നമ്പർ- 67242774095, എസ്.ബി.ഐ, കൊണ്ടോട്ടി, ഐ. എഫ് .എസ് .സി. SBIN0070311) വരവ് വന്നിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ 10.10.2025 ന് 4,07,079 രൂപ ബാലൻസ് നിൽക്കുന്നുണ്ട്. ഇ-ടെണ്ടർ വരവ് കൂടാതെ സെക്രട്ടറി തനത് ഫണ്ടിൽ നിന്നുള്ള വർക്കുകൾക്ക് അനുവദിക്കുന്ന തുകയും ഈ അക്കൗണ്ടിൽ വരവ് വരുന്നുണ്ട്. ആയത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്കും നികുതിയിനത്തിൽ അടവാക്കേണ്ട തുക ബന്ധപ്പെട്ട വകുപ്പുകൾക്കും അടവാക്കാനുള്ളതാണ്. ടെണ്ടർ ഫീയിനത്തിലുള്ള വരവ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരേണ്ടതുമാണ്. ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 5/2024-25/23.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫീയിനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-37 വെറ്റിംഗ് അംഗീകാരം വാങ്ങാതെ മരാമത്ത് പ്രോജക്റ്റുകൾ നടപ്പിലാക്കി

ചുവടെ ചേർത്തിട്ടുള്ള പ്രോജക്റ്റുകൾക്ക് ഓഡിറ്റ് വർഷത്തിൽ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്തിട്ടില്ല. സുലേഖയിൽ പ്രസ്തുത പ്രോജക്റ്റ് Approved Stage ൽ അല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ് തുക | ബിൽ/ വൗച്ചർ നം | റിമാർക്സ് |
|---|---|---|---|
| പതിമൂന്നാം മൈൽ പീടികക്കണ്ടി റോഡ് മെയിന്റനൻസ്<br>പ്രോജക്റ്റ്- 244/25<br>ഫണ്ട്- സി.എഫ്.സി. | 199228 | XVFC / *24-25/* P/17, തി- 17.7.2024 | Sulekha സ്റ്റേറ്റ്മെന്റിൽ ൽ Project Status രേഖപ്പെടുത്തിയിട്ടുള്ളത് Approved Status അല്ല. Send To TS Details Entry എന്ന Status ലാണുള്ളത്. |
| കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ<br>പ്രോജക്റ്റ്- 259/25 | 1343703 | XVFC / *24-25/* P/15, തി- 11.7.2024-N 1233340/- | Sulekha സ്റ്റേറ്റ്മെന്റിൽ Project Status രേഖപ്പെടുത്തിയിട്ടുള്ളത് Approved Status അല്ല. Send To TS |

| | | | |
|---|---|---|---|
| ഫണ്ട്- സി.എഫ്.സി. | | XVFC / *24-25/* P/51, തി- 28.10.2024 110363/- | Details Entry എന്ന Status ലാണുള്ളത്. |
| പനയപ്പുറം നീറാണ കരങ്ങാട്ട് അരു കോൺക്രീറ്റ് പ്രോജക്ട്- 263/25 ഫണ്ട്- സി.എഫ്.സി. | 42782 | XVFC / *24-25/* P/19, തി- 17.7.2024 | Sulekha സ്റ്റേറ്റ്മെന്റിൽ Project Status രേഖപ്പെടുത്തിയിട്ടുള്ളത് Approved Status അല്ല. Send To TS Details Entry എന്ന Status ലാണുള്ളത്. |

മേൽ പ്രോജക്ടുകൾ വെറ്റിംഗ് അംഗീകാരം വാങ്ങാതെ നടപ്പിലാക്കിയതിനാലാണ് സുലേഖയിൽ APPROVED STATUS ൽ വരാതിരുന്നത് എന്ന് കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 25/2024-25/27.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതിയിൽ ഹോമിയോ ഡിസ്പെൻസറിക്ക് ഹോംകോ-യിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി ഹോംകോ-ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 30/2025, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) -200000 |
| ചെലവ് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) -200000 |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 24151052037001504776/12.03.2025, RS 200000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PF-1332/03.03.2025-RS 200000 |

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/24.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാനുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി, ആയവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിക്കപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ മേൽ ചട്ടപ്രകാരമുള്ള പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ക്ലിനിക് ഡെന്റൽ ക്ലിനിക് |
| 2. | സന്തോഷ് ആയുർവിധാൻ സ്പെഷ്യാലിറ്റി പോളി ക്ലിനിക് |
| 3. | ഡോ.നിപുൺസ് ഹോമിയോപ്പതിക് സ്പെഷ്യാലിറ്റി സെന്റർ |

പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ ലൈസൻസ് അനുവദിച്ചതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണവും കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിന്റെ വിശദാംശങ്ങളും ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/ 25.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്- കരാറുകാരന് അധിക തുക നൽകി

ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ GI Pipe Post ൽ ഫിക്സ് ചെയ്ത Rettro Reflective Sheeting ലുള്ള Name Board സ്ഥാപിച്ചതായി അളവെടുത്ത് Observed Data (154478/2024-25) പ്രകാരം 9012.37 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ മറ്റ് പ്രവർത്തികളിലെല്ലാം OD 96914/2024-25 പ്രകാരം 2724.12 രൂപ വില വരുന്ന Granite Name Board ആണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേരും നമ്പരും | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|
| ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ-102/25<br>അടങ്കൽ- 2 ലക്ഷം<br>ഫണ്ട്- തനത് ഫണ്ട്<br>TS- 16793/2024-25/8.10.2024<br>കരാറുകാരൻ- ശ്രീ. ഇ.കെ.അബ്ദുൽ മുഹ്സിൻ,<br>എഗ്രിമെന്റ് നമ്പർ-19/11.12.2024<br>അളവെടുത്ത തീയതി – 06.03.2025<br>ചെക്ക് മെഷർ ചെയ്ത തീയതി – 07.03.2025 | 160303 | 22401344/14.3.2025, 160303/- |

25.10.2025 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത പ്രവൃത്തിയുടെ സൈറ്റിൽ മറ്റ് പ്രവൃത്തികളിലെല്ലാം സ്ഥാപിച്ചിട്ടുള്ള ഗ്രാനൈറ്റ് നെയിംബോർഡ് തന്നെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. Data ചേർത്തതിൽ വന്നിട്ടുള്ള അപാകതയാണെന്നും അധിക തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരമറിയിക്കുമെന്നും ഓവർസിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. കരാറുകാരന് അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|
| 2724.12 | 9012.37 | 6288.25 + 18% GST = 7420 |

അധികം നൽകിയ 7420 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക പ്രവൃത്തിയുടെ അളവെടുത്ത അസി.എഞ്ചിനീയറുടെയും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/2024-25/23.10.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ്. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം.* | തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | ഇനത്തിൽ ഒടുക്കിയ തുക. | നിൽക്കുന്ന തുക. | |
| 14 | 82500 | 82500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 248900 | 70/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 248900 |
| | 620000 | 48/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 620000 |
| | 480000 | 208/25 ലൈഫ് ഭവന നിർമ്മാണം ജനറൽ | 480000 |
| | 280700 | 17/25 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 280700 |
| | 255000 | 19/25 എസ്.സി വിദ്യാർത്ഥികൾക്ക് | 255000 |

| | | | |
|---|---|---|---|
| | | ലാപ്ടോപ്പ് | |
| ബ്ലോക്ക് പഞ്ചായത്ത് | 210000 | 208/25 ലൈഫ് ഭവന നിർമ്മാണം -ജനറൽ | 210000 |
| | 590000 | 48/25 ലൈഫ് ഭവന നിർമ്മാണം -ജനറൽ | 590000 |
| | 500000 | 207/25 ലൈഫ് ഭവനം നിർമ്മാണം -എസ് സി | 500000 |
| | 105254 | 191/25 പരിരക്ഷ പദ്ധതി-വേതനം, ഫ്യുവൽ | 105254 |
| | 483373 | 70/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 483373 |
| | 26163 | 152/25 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 26163 |
| | 797896 | 36/25 ആർദ്രം മിഷൻ-പരിരക്ഷ പാലിയേറ്റീവ് പദ്ധതി | 797896 |
| | 960538 | 271/25 ബഡ്സ് സ്കൂൾ നിർമ്മാണം | 960538 |
| | 40550 | 62/25 നെൽകൃഷി- സബ്സിഡി | 40550 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 202/25 ഡെപ്പോസിറ്റ് | 22401086/22.01.2025 | 175585 | 175585 | പൂർത്തീകരിച്ചു | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്റ്റ് നമ്പർ 330/25 ) | 22401117/25.01.2025 | 123300 | 123300 | പൂർത്തീകരിച്ചു | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്റ്റ് നമ്പർ 202/25 ) | 22401126/30.01.2025 | 361305 | 361305 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജി.ഡബ്ല്യു.ഡി | ഗ്രൗണ്ട് വാട്ടർ സർവെ-വാപൻകുളങ്ങര-വാർഡ് 18 | 22400678/07.11.2024 | 1935 | 1935 | പൂർത്തീകരിച്ചു | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 3605233 | 24943667 | 2263896 | 0 | 26285004 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

**എ). സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 21726065 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 1213782 |
| ആകെ (₹) | 22939847 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 22939847 |

**ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.**

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തീയ്യതി |
|---|---|---|
| ചേലേമ്പ്ര സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം | 67,04,435 | 0029140016186/18.06.2019 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 18,50,000 | 401561421000009/18.03.2021 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 3898948 | 40186201800013/31.03.2020 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 13,46,593 | 40186141900082/14.11.2019 |

| | | |
|---|---|---|
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 1169476 | 40156202200179/21.10.2022 |
| എസ്.ബി.ഐ രാമനാട്ടുകര ശാഖയിലെ സ്ഥിരനിക്ഷേപം | 1594079 | 42544756691/22-12-2024 |
| എസ്.ബി.ഐ രാമനാട്ടുകര ശാഖയിലെ സ്ഥിരനിക്ഷേപം | 1594079 | 42545892181/22-12-2024 |
| എസ്.ബി.ഐ രാമനാട്ടുകര ശാഖയിലെ സ്ഥിരനിക്ഷേപം | 1594079 | 42544892931/22-12-2024 |
| എസ്.ബി.ഐ രാമനാട്ടുകര ശാഖയിലെ സ്ഥിരനിക്ഷേപം | 1594079 | 42544893638/22-12-2024 |
| എസ്.ബി.ഐ രാമനാട്ടുകര ശാഖയിലെ സ്ഥിരനിക്ഷേപം | 1594079 | 42544894723/22-12-2024 |
| **ആകെ** | **22939847** | |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2022-23 | ഓഡിറ്റ് എൻക്വയറി നമ്പർ-6 | 11531 | ഷാസ് ഫുഡ് പ്രൊഡക്ട് പ്രൈവറ്റ് ലിമിറ്റഡ്. | 1240500023/04.04.2024 |
| 2023-24 | ഓഡിറ്റ് എൻക്വയറി നമ്പർ-19 | 2500 | ബോയ്സോൺ പോളിമേഴ്സ് | 1240505414/06.12.2024 |
| 2022-23 | ഓഡിറ്റ് എൻക്വയറി നമ്പർ-6 | 6760 | ഓട്ടോസ്പോട്ട് | 1240506415/22.01.2025 |
| 2022-23 | ഓഡിറ്റ് എൻക്വയറി നമ്പർ-6 | 6430 | ഓട്ടോസ്പോട്ട് | 1240506416/22.01.2025 |
| 2022-23 | ഓഡിറ്റ് എൻക്വയറി നമ്പർ-6 | 92428 | ബാബീൻ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്. | 1240504931/18.11.2024 |
| ആകെ | | 119649 | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് - വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2) | 2016-17 | -- | തൊഴിൽ നികുതി 2014-15 | നിലനിൽക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനിൽക്കുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം**

| ക്രമനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക (₹) | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2002-03 | 3(9) | പി. മാലതി | LF 8465/ Spl.Cell/ SC5/ 08-629/ 11.02.09 | 9,000 +12% പലിശ | | | | | | | 9,000+ 12% പലിശ |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 116452479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 104066127 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 7420 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 703487 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 7420 | 3710/- ശ്രീ.ശിശിർ.പി ,അസിസ്റ്റന്റ് എഞ്ചിനീയർ 3710/- ശ്രീ.ശെരീഫ് ഇമ്മിണിയിൽ , അസി.എക്സി. എഞ്ചിനീയർ |
| ആകെ | | 7420 | |

സി). <u>ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.</u>

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 126000 | ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി,സെക്രട്ടറി |
| 1-24 | 481347 | ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി,സെക്രട്ടറി |
| 1-25 | 50000 | ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി,സെക്രട്ടറി |
| 1-26 | 46140 | ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി,സെക്രട്ടറി |
| ആകെ | 703487 | |

ഡി). <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 341011 | ശ്രീമതി.ആയിഷ റഹ്ഫത്ത് കോയ.സി.ടി,സെക്രട്ടറി |
| ആകെ | 341011 | |

ഇ). <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>

ഇല്ല.

എഫ്). <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശിശിർ.പി ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | ശ്രീ.ശിശിർ.പി, കൃഷ്ണസദനം, രാമനാട്ടുകര, കോഴിക്കോട്. മൊബൈൽ നമ്പർ- 9744114722, ഇ-മെയിൽ – Aechelembra@Gmail.Com |
| ശ്രീ.ശെരീഫ് ഉമ്മിണിയിൽ , അസി.എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്. | ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), അരീക്കോട്, മലപ്പുറം- 673639 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 2 |
| 2 | 1998-99 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 4 |
| 3 | 1999-00 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 4 | 2000-01 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 5 | 2001-02 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 6 | 2002-03 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |

| | | | |
|---|---|---|---|
| 7 | 2005-06 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 3 |
| 8 | 2006-07 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 8 |
| 9 | 2007-08 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 10 | 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 2 |
| 11 | 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.6/3375/2014 തിയ്യതി 15.6.2020 | 7 |
| 12 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.6/2762/2020 തിയ്യതി 15.6.2020 | 4 |
| 13 | 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തിയ്യതി 09.06.2020 | 7 |
| 14 | 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017 തിയ്യതി 16.07.2020 | 14 |
| 15 | 2017-18 | കെ.എസ്.എ എം.പി.എം6/2126/18 തിയ്യതി 16.09.2019 | 11 |
| 16 | 2018-19 | കെ.എസ്.എ.എം.പി.എം.6/2826/2019 തിയ്യതി 15.07.2020 | 37 |
| 17 | 2019-20 | കെ.എസ്.എ.എം.പി.എം.6/1460/2021 തിയ്യതി 22.09.2022 | 23 |
| 18 | 2020-21 | കെ.എസ്.എ.എം.പി.എം.6/1461/2021 തിയ്യതി 12.10.2021 | 33 |
| 19 | 2021-22 | കെ.എസ്.എ.എം.പി.എം.6/330/2023 തിയ്യതി 31.05.2023 | 27 |
| 20 | 2022-23 | കെ.എസ്.എ.എം.പി.എം.6/2660/23 തിയ്യതി 11.12.2023 | 34 |
| 21 | 2023-24 | കെ.എസ്.എ.എം.പി.എം.6/1879/24 തിയ്യതി 08.10.2024 | 32 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 14(1) dated 14(1) dated 16-07-2025 and submitted on 18-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chelembra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chelembra Grama Panchayat as on 31-03-2025

**Date: 15/12/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Chelembra Grama Panchayat for the Year 2024-2025.**

## 1.Major Observations

NIL

## 2.Other Observations

1.The Asset Register is not updated.

2.The following mandatory financial statements prescribed in accounting rules are not submitted for audit.

.Ratios

.Notes on accounts

.Comparative amounts

3.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4.Two bank accounts of grama panchayath are not included in AFS.

5.Expenditure as per ACR amount does not match with that of AFS.

6.Supporting documents for Earmarked Funds are not produced.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്